"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ശ്രീമതി ഷീല ബാബു, (ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, റിട്ടയേർഡ്) ഫയൽ ചെയ്ത OA No 837/2020 നമ്പർ കേസിലെ 17.08.2020-ലെ അന്തിമ ഉത്തരവ് നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2421/2020/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 24.12.2020.**

---

പരാമർശം:
1) സ.ഉ.(സാധാ) നം.1946/2016/തസ്വഭവ, തീയതി, 20.06.2016
2) ശ്രീമതി ഷീല ബാബു (ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, റിട്ട.) സമർപ്പിച്ച 09.06.2020-ലെ അപേക്ഷ. (Annexure A7)
3) ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA 837/2020-മേലുള്ള 17.08.2020-ലെ ഉത്തരവ്.
4) ഗ്രാമവികസന കമ്മീഷണറുടെ 29.09.2020-ലെ 14818/എസ്റ്റാ.ബി3/19/സിആർഡി നമ്പർ കത്ത്.
5) ഗ്രാമവികസന കമ്മീഷണറുടെ 06.11.2020-ലെ 8489/എസ്റ്റാ.ബി3/20/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഗ്രാമവികസന വകുപ്പിലെ റിട്ടയേർഡ് ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ശ്രീമതി ഷീല ബാബു ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ, ഹയർ ഗ്രേഡ് തസ്തികയിൽ ജൂനിയേഴ്സിന് സ്ഥാനക്കയറ്റം നൽകിയ തീയതിയിൽ അർഹതപ്പെട്ട സ്ഥാനക്കയറ്റം ലഭിക്കണമെന്നാവശ്യപ്പെട്ട് ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA 837/2020 ഫയൽ ചെയ്യുകയും പരമാർശം (2) പ്രകാരം സർക്കാരിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തു. അപേക്ഷകയെ നേരിൽ കേട്ടശേഷം Annexure A7 നിവേദനത്തിന്മേൽ തീരുമാനം കൈകൊള്ളുന്നതിന് ഒന്നാം എതിർകക്ഷിയ്ക്ക് നിർദ്ദേശം നൽകികൊണ്ട് പരാമശം (3) പ്രകാരം ബഹു. കോടതി ഉത്തരവായിരുന്നു.

പരാമർശം (3)-ലെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 5.11.2020-ന് ജോയിന്റ് സെക്രട്ടറി whatsapp video call മുഖേന പരാതിക്കാരിയെ കേട്ടു.

ശ്രീമതി ഷീല ബാബുവിന് 03.11.2016-ൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ ആയി സ്ഥാനക്കയറ്റം ലഭിച്ചിരുന്നതും 03.11.17ന് നിരീക്ഷണകാലം പൂർത്തിയാക്കിയിരുന്നതുമാണ്. 21.12.19ൽ 14 പേർക്ക് ജോയിന്റ് ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസർ തസ്തികയിൽ ഹയർ ഗ്രേഡ് പ്രൊമോഷൻ ലഭിച്ചിരുന്നതിൽ അപേക്ഷകയുടെ ജൂനിയർമാരായ 4 പേർ ഉൾപ്പെട്ടിട്ടുണ്ടെന്നും അപേക്ഷകയ്ക്ക് പ്രമോഷൻ നൽകിയില്ലെന്നുമാണ് പരാതിയിൽ ഉന്നയിച്ചിട്ടുള്ളത്.

കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കോട്ടയം ഡിവിഷനിൽ നടന്ന ക്രമക്കേടുമായി ബന്ധപ്പെട്ട് ശ്രീമതി ഷീലാബാബു ഉൾപ്പെടെയുള്ളവർക്കെതിരെ അച്ചടക്ക നടപടി എടുക്കുവാൻ വിജിലൻസ് ശുപാർശ ചെയ്തിരുന്നു. ഇതേ തുടർന്ന് ആരംഭിച്ച അച്ചടക്ക നടപടി പരാമർശം (1) പ്രകാരം തീർപ്പാക്കിയിരുന്നു. 35,196/- രൂപ സർക്കാരിലേക്ക് തിരികെ അടയ്ക്കാനും ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ടുമാണ് അച്ചടക്ക നടപടി തീർപ്പാക്കിയിട്ടുള്ളത്. ആയതിൻ പ്രകാരം മേൽ തുക സർക്കാരിലേക്ക് ഒടുക്കിയിട്ടുള്ളതും ടിയാളുടെ ഒരു വാർഷിക വേതന വർദ്ധനവ് സഞ്ചിത പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് വാഴൂർ ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും ടി വിഷയത്തിൽ വിജിലൻസ് രജിസ്റ്റർ ചെയ്തിട്ടുള്ള വി.സി/3/06/ഇ.ആർ.കെ. നമ്പർ വിജിലൻസ് കേസ് നിലവിലുള്ളതിനാൽ ടിയാൾക്ക് ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിലെ ഹയർ ഗ്രേഡ് അനുവദിച്ചിട്ടില്ലെന്നും ഗ്രാമ വികസന കമ്മീഷണർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

വിജിലൻസ് ശുപാർശ പ്രകാരം 20.06.2016ൽ അപേക്ഷകയ്ക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയതിനുശേഷമാണ് 03.11.16-ൽ ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ ആയി സ്ഥാനക്കയറ്റം നൽകിയതെന്നും മേൽ പരാമർശിച്ച വിജിലൻസ് കേസിലെ അഞ്ചാം പ്രതിയായ ശ്രീമതി.ഷീലബാബുവിന് അഴിമതി നിരോധന നിയമം 1988 വകുപ്പ് 19 പ്രകാരം പ്രോസിക്യൂഷൻ അനുമതി നൽകേണ്ട ഉദ്യോഗസ്ഥൻ ആരാണെന്ന് ആരാഞ്ഞുകൊണ്ട് വിജിലൻസിന്റെ ഒരു കത്ത് 26.11.2019-ൽ ഗ്രാമ വികസന കമ്മീഷണർക്ക് ലഭിച്ചിരുന്നുവെന്നും ഗ്രാമ വികസന കമ്മീഷണർ പരാമശം (5) പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു

മേൽ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. വി.സി/3/06/ഇ.ആർ.കെ. നമ്പർ വിജിലൻസ് കേസ് നിലനിൽക്കുന്നതിനാലും ഈ കേസിലെ പ്രോസിക്യൂഷൻ അനുമതി സംബന്ധിച്ച വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ലാത്തതിനാലും ജോയിന്റ് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ തസ്തികയിൽ ഹയർ ഗ്രേഡ് പ്രൊമോഷൻ നൽകണമെന്ന അപേക്ഷകയുടെ നിവേദനത്തിലെ (Annexure A7) ആവശ്യം നിരസിച്ചുകൊണ്ട് ഉത്തരവാകുന്നു. ഇപ്രകാരം പരാമർശം (3) പ്രകാരമുള്ള അന്തിമ ഉത്തരവ് നടപ്പിലാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**നവീൻ കൃഷ്ണൻ ജി.ഐ.**
**അണ്ടർ സെക്രട്ടറി**

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീമതി ഷീല ബാബു, താഴൂർ ഹൗസ്, പാമ്പാടി പി.ഒ., കോട്ടയം ജില്ല, പിൻ-686 502

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ